ടൂറിസ്റ്റുകളുടെ താമസസൗകര്യം

196 (198) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി. രാജു :
ശ്രീ. സത്യൻ മൊകേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസ്റ്റുകളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിന് സർക്കാർ നേരിട്ടു നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) ആ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു ;

(സി) പുതുതായി സർക്കാർ അതിഥിമന്ദിരങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(ഡി) ഇനി എവിടെയെല്ലാം പുതിയ ഗസ്റ്റ്ഹൗസുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ടൂറിസ്റ്റുകളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി യാത്രിനിവാസുകളും അതിഥിമന്ദിരങ്ങളും നിർമ്മിക്കുന്നുണ്ട്. ആലപ്പുഴയിൽ പുതിയ ഗസ്റ്റ്ഹൗസ് പ്രവർത്തനം ആരംഭിച്ചു. പത്തനംതിട്ടയിൽ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണം പൂർത്തിയായി. ആലപ്പുഴ, ചീരുമേട്, കൊച്ചി, ചങ്ങനാശ്ശേരി, മലയാറ്റൂർ എന്നീ സ്ഥലങ്ങളിൽ നിർമ്മിച്ച യാത്രിനിവാസുകൾ പ്രവർത്തനം നടത്തുന്നു. കോഴിക്കോട് യാത്രിനിവാസിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഗുരുവായൂർ, കാലടി, കൊണ്ടോട്ടി, തിരുനെല്ലി, മണ്ണാർക്കാട്, നെല്ലിയാംപതി, മൂന്നാർ, വാഗമൺ തുടങ്ങിയ സ്ഥലങ്ങളിൽ യാത്രിനിവാസുകളുടെ പദ്ധതികൾ വിവിധ ഘട്ടങ്ങളിലാണ്.

(ബി) 8 കോടി രൂപയോളമാണ് ഈയിനത്തിലെ പദ്ധതികൾക്കായി ചെല വഴിച്ചിട്ടുള്ളത്.

(സി) ഉണ്ട്. ആലപ്പുഴയിലും പത്തനംതിട്ടയിലും രണ്ട് ഗസ്റ്റ്ഹൗസുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ ആലപ്പുഴയിലേത് പ്രവർത്തിച്ചുതുടങ്ങി. പത്തനംതിട്ട ഗസ്റ്റ്ഹൗസ് ഉടനെതന്നെ പ്രവർത്തനം ആരംഭിക്കും.

(ഡി) പാലക്കാട് ഒരു പുതിയ ഗസ്റ്റ്ഹൗസിന്റെ നിർമ്മാണവും എറണാകുളത്ത് അഡീഷണൽ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണവും ആരംഭദിശയിലാണ്. ബോംബെയിൽ ഒരു കേരള ഹൗസിന്റെ പണിയും പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly